**മധുരമായകുട്ടികളേ – നിങ്ങൾ ബ്രഹ്മാവിന്റെ സന്താനങ്ങൾ പരസ്പരം സഹോദരീ–സഹോദരന്മാരാണ്. നിങ്ങളുടെ ആന്തരീക ഭാവന വളരെയധികം ശുദ്ധവും പവിത്രവുമായിരിക്കണം.**

**ചോദ്യം** – എങ്ങനെയുള്ള കുട്ടികൾ മനസ്സിലാക്കികൊടുക്കുമ്പോഴാണ് വളരെ നല്ല പ്രഭാവം ഉണ്ടാക്കാൻ സാധിക്കുക?
**ഉത്തരം** – ആരാണോ ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പസമാനം പവിത്രമായിരിക്കുന്നത്, അങ്ങനെയുള്ള അനുഭവി കുട്ടികൾ ആർക്ക് മനസ്സിലാക്കി കൊടുത്താലും, അവർക്ക് വളരെ നല്ല പ്രഭാവം ചെലുത്താൻ സാധിക്കും, കാരണം വിവാഹം കഴിച്ചിട്ടും അപവിത്രമായ വൃത്തിയുണ്ടാകാതിരിക്കുക – ഇത് വളരെയധികം വലിയ ലക്ഷ്യമാണ്. ഇതിൽ കുട്ടികൾക്ക് വളരെയധികം ശ്രദ്ധയുണ്ടായിരിക്കണം.

**ഗീതം** – നമ്മുടെ തീർത്ഥയാത്ര വ്യത്യസ്തമാണ്.........

**ഓംശാന്തി**. അച്ഛൻ മക്കൾക്ക് മനസ്സിലാക്കിത്തരുന്നു കാരണം മക്കൾക്കു മാത്രമേ അച്ഛനെ അറിയൂ. എല്ലാവരും മക്കൾ തന്നെയാണ്. എല്ലാ മക്കളും ബ്രഹ്മാകുമാർ–കുമാരിമാരാണ്, അവർക്കറിയാം ബ്രഹ്മാകുമാർ–കുമാരിമാർ സഹോദരീ–സഹോദരന്മാരാണ് എന്നുള്ളത്. എല്ലാവരും ഒരേയൊരു ബാബയുടെ കുട്ടികളാണ്, അപ്പോൾ കൃത്യമായും മനസ്സിലാക്കി കൊടുക്കണം നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണെന്ന്. എല്ലാവരും സഹോദരങ്ങളാണ്. ഇവിടെ നിങ്ങൾക്ക് അറിയാം നമ്മൾ ഒരേയൊരു മുത്തശ്ശന്റെയും അച്ഛന്റെയും മക്കളാണെന്ന്. ശിവബാബയുടെ പേരമക്കളും ബ്രഹ്മാവിന്റെ മക്കളുമാണ്. ഇപ്പോൾ ഇവരുടെ പത്നിയും ഞാൻ ബ്രഹ്മാകുമാരിയാണ് എന്ന് പറയുകയാണെങ്കിൽ ഇവർ സഹോദരങ്ങളായില്ലേ. ലൗകികത്തിലെ സഹോദരങ്ങൾക്ക് മോശമായ ദൃഷ്ടി പോവുകയില്ല, ഇന്നത്തെ ലോകത്ത് എല്ലാംതന്നെ മോശമാണ്, കാരണം ലോകം തന്നെ മോശമാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ബ്രഹ്മാകുമാർ–കുമാരിമാരാണെന്ന്. ബ്രഹ്മാവിലൂടെ ദത്തെടുക്കപ്പെട്ട കുട്ടികളായതുകൊണ്ട് സഹോദരീ–സഹോദരങ്ങളാണ്. മനസ്സിലാക്കി കൊടുക്കേണ്ടതായുണ്ട് സന്യാസം രണ്ടു പ്രകാരത്തിലാണെന്ന്. സന്യാസം അർത്ഥം പവിത്രമായിരിക്കുക, പഞ്ചവികാരങ്ങളെ ഉപേക്ഷിക്കുക. അവർ ഹഠയോഗി സന്യാസികളാണ്. അവരുടെ വിഭാഗം തന്നെ വേറെയാണ്. അവർ കുടുംബത്തിലുള്ളവരുമായുള്ള സംബന്ധത്തെ തന്നെ ഒഴിവാക്കുകയാണ്. അവരുടെ പേരുതന്നെ ഹഠയോഗി കർമ്മസന്യാസിയാണെന്നാണ്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ത്യാഗം ചെയ്ത് ബാബയെ ഓർമ്മിക്കണം. അവർ വീടിനെയും കുടുംബത്തെയും ഓർമ്മിക്കുന്നു. അമ്മാവനോ, മുത്തശ്ശനോ ഒന്നും തന്നെയുണ്ടാവില്ല. മനസ്സിലാക്കുന്നു ബാക്കി ഒരാളെയുള്ളൂ, ആ ഒന്നിനെ മാത്രം ഓർമ്മിക്കണം,പിന്നെ ജ്യോതി ജ്യോതിയിൽ പോയി ലയിക്കുമെന്നും നിർവ്വാണധാമത്തിലേക്കു പോവുമെന്നും. അവരുടെ വിഭാഗം വേറെയാണ്, രീതിയും വേറെയാണ്. അവർ സ്ത്രീകൾ നരകത്തിന്റെ വാതിലാണെന്ന് മനസ്സിലാക്കുന്നു. മനസ്സിലാക്കുന്നു, പഞ്ഞിക്കും അഗ്നിക്കും ഒരുമിച്ചിരിക്കാൻ സാധിക്കില്ലെന്ന്. വേറെയിരുന്നാൽ മാത്രമേ ഞങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കൂ. ഡ്രാമ അനുസരിച്ച് അവരുടെ ധർമ്മം തന്നെ വേറെയാണ്. അതിന്റെ സ്ഥാപന ശങ്കരാചാര്യരാണ് നിർവ്വഹിച്ചത്. അവർ ഹഠയോഗമാണ്, കർമ്മസന്യാസമാണ് പഠിപ്പിക്കുന്നത്, അല്ലാതെ രാജയോഗമല്ല. നിങ്ങൾ നമ്പർവാർ ആയിട്ടാണ് അറിയുന്നത് ഈ ഡ്രാമ ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമാണ് എന്നത്. എല്ലാവരെയും 100% വിവേകശാലിയാണെന്ന് പറയാൻ സാധിക്കില്ല. പക്ഷേ ഇങ്ങനെ സംഭവിക്കും ചിലർ 100% വിവേകശാലികളാണ്, ചിലർ 100% അവിവേകികളും. നിങ്ങൾക്ക് അറിയാം മമ്മാ–ബാബ പരസ്പരം സഹോദരങ്ങളാണ്. നിയമം പറയുന്നു ഒരിക്കലും മോശമായ വൃത്തി ഉണ്ടാകാൻ പാടില്ലെന്ന്. സഹോദരി–സഹോദരർ ഒരിക്കലും പരസ്പരം വിവാഹം കഴിക്കുകയില്ല. സഹോദരീ–സഹോദരന്മാർ തമ്മിൽ അഥവാ വീട്ടിലെന്തെങ്കിലും പെരുമാറ്റം മോശമാണെന്ന് കാണുകയാണെങ്കിൽ അച്ഛന് വളരെയധികം ചിന്തയുണ്ടാവും. ഇവർ എവിടെ നിന്നു ജനിച്ചവരാണ്, എത്രയാണ് ബുദ്ധിമുട്ടിക്കുന്നത്, അവരെ വളരെയധികം ശാസിക്കുന്നു. മുമ്പ് ഈ കാര്യങ്ങൾക്കെല്ലാം തന്നെ വളരെ ശ്രദ്ധയുണ്ടായിരുന്നു. ഇപ്പോൾ 100% അപവിത്രമായിരിക്കുന്നു. മായയുടെ പ്രഭാവം വളരെയധികം ശക്തമാണ്. പരമപിതാവായ പരമാത്മാവിന്റെ കുട്ടികളും മായയും തമ്മിൽ വളരെയധികം യുദ്ധം ഉണ്ടാകുന്നു. ബാബ പറയുന്നു – ഇത് എന്റെ കുട്ടികളാണ്, ഞാൻ ഇവരെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നു. മായ പറയുന്നു – അല്ല ഇത് എന്റെ കുട്ടികളാണ്, ഞാൻ

ഇവരെ നരകത്തിലേക്ക് കൊണ്ടുപോവുകയാണ്. ഇവിടെയാണെങ്കിൽ ധർമ്മരാജനായ ബാബയുടെ കൈയ്യിലാണ്. അതുകൊണ്ട് ആരാണോ ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും പവിത്രമായിരിക്കുന്നത്, അവർ മറ്റുള്ളവർക്ക് വളരെ നന്നായി മനസ്സിലാക്കി കൊടുക്കണം ഞങ്ങൾ എങ്ങനെ ഒരുമിച്ചിരുന്നുകൊണ്ടും പവിത്രമായിരിക്കുന്നു എന്ന്. എന്ത് കർമ്മമാണോ ഹഠയോഗികളായ സന്യാസിമാർക്ക് ചെയ്യാൻ സാധിക്കാത്തത്, അത് ബാബ ചെയ്യിക്കുന്നു. സന്യാസിമാർക്ക് ഒരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. വിവേകാനന്ദന്റെ പുസ്തകത്തിൽ പുറമെ രാജയോഗം എന്ന് എഴുതിയിട്ടുണ്ട്. പക്ഷേ നിവൃത്തിമാർഗ്ഗത്തിലുള്ളവർക്ക് രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിലിരിക്കുന്നു, പവിത്രമായിരിക്കുന്നു അങ്ങനെയുള്ളവർ മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അമ്പ് വളരെ നന്നായി ഏൽക്കും. ബാബ പത്രത്തിൽ വായിച്ചിരുന്നു, ദില്ലിയിൽ വൃക്ഷങ്ങളെക്കുറിച്ച് ഒരു സമ്മേളനമുണ്ടെന്ന്. അതിൻമേലും എങ്ങനെ മനസ്സിലാക്കി കൊടുക്കണം, നിങ്ങൾ ഈ വൃക്ഷങ്ങളെക്കുറിച്ചെല്ലാം തന്നെ ചിന്തിക്കുന്നുണ്ട്, പക്ഷേ നിങ്ങൾ ഈ കല്പവൃക്ഷത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഈ മനുഷ്യ സൃഷ്ടിയുടെ ഉത്പത്തി, പാലന എങ്ങനെയുണ്ടാകുന്നു എന്ന്.

കുട്ടികളുടെ ബുദ്ധി ഇത്രയ്ക്ക് വിശാലമായിട്ടില്ല. അത്രയ്ക്ക് ശ്രദ്ധയില്ല. എന്തെങ്കിലുമൊക്കെ അസുഖം ബാധിച്ചിട്ടുണ്ട്. ലൗകികവീട്ടിൽ പോലും സഹോദരീ–സഹോദരന്മാർ തമ്മിൽ മോശമായ ചിന്തയുണ്ടാവില്ല. ഇവിടെ നിങ്ങൾ ഒരു ബാബയുടെ കുട്ടികളാണ് സഹോദരീ–സഹോദരന്മാരാണ്, ബ്രഹ്മാകുമാരീ–കുമാരന്മാരാണ്. അഥവാ മോശമായ ചിന്ത വരുന്നു എങ്കിൽ അതിനെ എന്താണ് പറയുക? ആരാണോ നരകത്തിൽ വസിക്കുന്നത്, അവരെക്കാളും ആയിരം മടങ്ങ് മോശമായിരിക്കും. കുട്ടികളുടെമേൽ വളരെയധികം ഉത്തരവാദിത്തമുണ്ട്. ആരാണോ ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും പവിത്രമായിരിക്കുന്നത് അവർക്കാണ് വളരെയധികം പ്രയത്നം. ലോകത്തിലുള്ളവർക്ക് ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ബാബ പാവനമാക്കുവാൻ വേണ്ടി വന്നാൽ തീർച്ചയായും കുട്ടികൾ പ്രതിജ്ഞ ചെയ്യണം, രാഖി ബന്ധിച്ചിട്ടുണ്ട്. ഇതിൽ വളരെ പ്രയത്നമാണ്. വിവാഹം കഴിച്ച് പവിത്രമായിരിക്കുക എന്നുള്ളത് വളരെ ഉയർന്ന ലക്ഷ്യമാണ്. ലേശംപോലും ബുദ്ധി പോകരുത്. വിവാഹം കഴിഞ്ഞാൽ വികാരിയായിത്തീരുന്നു. ബാബ ഇവിടെ അപവിത്രമാവുന്നതിൽ നിന്നും രക്ഷിക്കുന്നു. ശാസ്ത്രത്തിൽ ദ്രൗപദിയുടെ കാര്യമുണ്ട്. ഇതിൽ എന്തെങ്കിലും രഹസ്യമുണ്ടാവുമല്ലോ. ഈ ശാസ്ത്രങ്ങളെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എന്തെല്ലാമാണോ കഴിഞ്ഞുപോയത് അതെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. അതെല്ലാം തന്നെ ആവർത്തിക്കുകയും വേണം. ജ്ഞാനമാർഗ്ഗത്തിലെയും ഭക്തിമാർഗ്ഗത്തിലെയും അടങ്ങിയിട്ടുണ്ട്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ വിശാലമായിത്തീർന്നു. എങ്ങനെയാണോ പരിധിയില്ലാത്ത അച്ഛന്റെ ബുദ്ധി അതുപോലെത്തന്നെയാണ് ശ്രീമത്തനുസരിച്ച് മുന്നോട്ടുപോകുന്ന അനന്യമായ സന്താനങ്ങളുടേയും. ധാരാളം കുട്ടികളുണ്ട്. ബ്രാഹ്മണനോ ബ്രാഹ്മണിയോ ആകാതെ സമ്പത്ത് ലഭിക്കില്ല. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവംശികൾക്കു മാത്രമേ പോയി സൂര്യവംശി അഥവാ വിഷ്ണുവംശിയായിത്തീരാൻ സാധിക്കൂ. ഇപ്പോൾ ശിവവംശികളാണ്. ശിവൻ മുത്തശ്ശനും ബ്രഹ്മാവ് അച്ഛനുമാണ്. എല്ലാ പ്രജകളുടേയും പ്രജാപിതാവ് ഒന്നാണ്. മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിന് ബീജമുണ്ടെന്ന് അറിയാം. ഇതിലുള്ള ആദ്യത്തെ മനുഷ്യനെയാണ്, പുതിയ മനുഷ്യനെന്നു പറയുന്നത്. പുതിയ മനുഷ്യൻ ആരായിരിക്കും? ബ്രഹ്മാവ് തന്നെയായിരിക്കും. ബ്രഹ്മാവിനെയും സരസ്വതിയെയുമാണ് പുതിയവരായി കണക്കാക്കുക. ഇതിൽ വളരെയധികം ബുദ്ധി ആവശ്യമാണ്. ആത്മാവുതന്നെയാണ് – അല്ലയോ പരമമായപിതാവേ എന്നു പറയുന്നത്. ആത്മാവ് പറയുന്നില്ലേ അവർ എല്ലാവരുടെയും രചയിതാവാണെന്ന്. അവരാണ് ഏറ്റവും ഉയർന്നതിലും ഉയർന്നത്. പിന്നീട് മനുഷ്യസൃഷ്ടിയിലേക്ക് വരുകയാണെങ്കിൽ അതിൽ ആരെയാണ് ഏറ്റവും ഉയർന്നതാക്കി വെച്ചിരിക്കുന്നത്? പ്രജാപിതാവിനെ. ഇത് ആർക്കും മനസ്സിലാക്കാൻ സാധിക്കും മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തിൽ ബ്രഹ്മാവുതന്നെയാണ് മുഖ്യം. ശിവൻ ആത്മാക്കളുടെ അച്ഛനാണ്. ബ്രഹ്മാവിനെ മനുഷ്യസൃഷ്ടിയുടെ രചയിതാവെന്നു പറയാൻ സാധിക്കും. പക്ഷേ ആരുടെ മതമനുസരിച്ചാണ് നടത്തുന്നത്? ബാബ പറയുന്നു ഞാൻ തന്നെയാണ് ബ്രഹ്മാവിനെ ദത്തെടുക്കുന്നത്. പുതിയ ബ്രഹ്മാവ് എവിടെനിന്നുവരും? വളരെ ജന്മത്തിലെ അന്തിമജന്മത്തിൽ ഞാൻ പ്രവേശിക്കും. ഇവരുടെ പേര് പ്രജാപിതാബ്രഹ്മാവെന്നു വെക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ബ്രഹ്മാവിന്റെ സന്താനങ്ങളാണെന്ന്. ശിവബാബയിൽ നിന്നും ജ്ഞാനം നേടിക്കൊണ്ടിരിക്കുന്നു. നമ്മൾ ബാബയിൽ നിന്നും പവിത്രത, സുഖം, ശാന്തി, ആരോഗ്യം, സമ്പത്ത് ഇവയെല്ലാം തന്നെ നേടുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. ഭാരതത്തിൽ നമ്മൾ തന്നെയാണ് സദാസുഖികൾ. ഇപ്പോഴല്ല. പിന്നീട് ബാബ ആ സമ്പത്ത് നൽകിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് അറിയാം ആദ്യത്തേത് പവിത്രതയാണ്. രാഖി എന്തിനാണ് അണിയുന്നത്? ആരാണോ അപവിത്രമായിരിക്കുന്നത് അവർ പവിത്രമായിരിക്കും എന്ന പ്രതിജ്ഞ ചെയ്യുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഈ ലക്ഷ്യം വളരെ ഉയർന്നതാണ്. ആരാണോ യുഗിളായി വന്നിരിക്കുന്നത് അവർ

മനസ്സിലാക്കി കൊടുക്കണം – ഞങ്ങൾ എങ്ങനെ സഹോദരീ–സഹോദരങ്ങളായി ജീവിക്കുന്നു എന്ന്. അതെ, സ്ഥിതി കൈവരിക്കുന്നതിൽ സമയമെടുക്കും. കുട്ടികൾ എഴുതാറുണ്ട് മായയുടെ കൊടുങ്കാറ്റ് ധാരാളം വരുന്നു എന്ന്. അപ്പോൾ ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ടും പവിത്രമായിരിക്കുന്ന കുട്ടികൾ പ്രഭാഷണം ചെയ്യുകയാണെങ്കിൽ നല്ലതാണ്. കാരണം ഇത് പുതിയ കാര്യമാണ്. ഇത് സ്വരാജയോഗമാണ്. ഇതിലും സന്യാസമുണ്ട്. ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും ജീവന്മുക്തി അഥവാ സദ്ഗതിനേടണം. ഇത് ജീവിതബന്ധനമാണ്. നിങ്ങളുടേത് സ്വരാജ്യപദവിയാണ്. സ്വയത്തിന് രാജ്യം ആവശ്യമാണ്. ഇപ്പോൾ സ്വയത്തിന് രാജ്യമില്ല. ആത്മാവ് പറയുന്നു, നമ്മൾ രാജാവായിരുന്നു, റാണിയായിരുന്നു, ഇപ്പോൾ ഞങ്ങൾ വികാരിയും ദരിദ്രരുമായി മാറിയിരിക്കുകയാണ്. ഞങ്ങളിൽ ഒരു ഗുണവുമില്ല. ഇത് ആത്മാവാണെല്ലോ പറയുന്നത്. സ്വയത്തെ ആത്മാവാണ്, പരമപിതാവായ പരമാത്മാവിന്റെ സന്താനമാണെന്ന് മനസ്സിലാക്കണം. നമ്മൾ ആത്മാക്കൾ ഭായി–ഭായിയാണ് പരസ്പരം വളരെയധികം സ്നേഹം ആവശ്യമാണ്. നമ്മൾ മുഴുവൻ ലോകത്തെയും സ്നേഹിയാക്കിമാറ്റുന്നു. രാമരാജ്യത്തിൽ സിംഹവും ആടുകളും ഒരുമിച്ച് വെള്ളം കുടിക്കുന്നു. ഒരിക്കലും കലഹിച്ചിരുന്നില്ല. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് എത്ര സ്നേഹം ഉണ്ടായിരിക്കണം. ഈ അവസ്ഥ വളരെ പതുക്കെ മാത്രമേയുണ്ടാവൂ. ഒരുപാട് യുദ്ധം ചെയ്യുന്നുണ്ടല്ലോ. പാർലിമെന്റിൽ യുദ്ധം ചെയ്യുന്ന സമയത്ത് പരസ്പരം കസേര എറിഞ്ഞിട്ടാണ് അടിക്കുന്നത്. അത് ആസുരീയ സഭയാണ്. ഇത് ഈശ്വരീയസഭയാണ് അപ്പോൾ എത്ര ലഹരി വേണം. പക്ഷേ ഇത് വിദ്യാലയമാണ്. പഠിപ്പിൽ ചിലർ ഉയർന്ന രീതിയിൽ മുന്നോട്ട് പോകും. ചിലർ പിറകോട്ടും പോകും. ഈ സ്കൂളും അത്ഭുതമാണ്, അവിടെ സ്കൂളും ടീച്ചറും വേറെ വേറെയുണ്ടാവും. ഇവിടെ സ്കൂളും ടീച്ചറും ഒന്നു മാത്രമേയുള്ളൂ. ആത്മാവ് ശരീരത്തെ ധാരണ ചെയ്ത് പഠിപ്പിക്കുന്നു. ആത്മാക്കളെ പഠിപ്പിക്കുന്നു. നമ്മൾ ആത്മാക്കൾ ശരീരത്തിലൂടെ പഠിക്കുന്നു. ഇത്രയ്ക്കും ആത്മാഭിമാനിയായിത്തീരണം. നമ്മൾ ആത്മാക്കളാണ്, അത് പരമാത്മാവാണ്. ഇത് ബുദ്ധിയിൽ മുഴുവൻ ദിവസവും ഓടണം. ദേഹാഭിമാനത്തിലൂടെയാണ് തെറ്റുകൾ സംഭവിക്കുന്നത്. ബാബ ഇടയ്ക്കിടെ പറയുന്നു ദേഹീഅഭിമാനിയായിത്തീരൂ എന്ന്. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെ മായയുമായി യുദ്ധം ഉണ്ടാകുന്നു. വളരെ വലിയ കയറ്റമാണ്. എത്രത്തോളം വിചാരസാഗരമഥനം ചെയ്യണം. രാത്രി തന്നെയാണ് വിചാരസാഗരമഥനം നടക്കുക. ഇതുപോലെ വിചാരസാഗരമഥനം ചെയ്യുന്നതിലൂടെ ബാബയ്ക്കു സമാനമായിത്തീരും.

നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ വെക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ടും രാജയോഗം പഠിക്കണം. മുഴുവനും ബുദ്ധിയുടെ കാര്യമാണ്. ബുദ്ധിയിലാണ് ധാരണ ഉണ്ടാകുന്നത്. ഗൃഹസ്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ടാണ്. ഇന്നത്തെക്കാലത്ത് തമോപ്രധാനമയതുകൊണ്ട് വളരെയധികം മോശമാണ്. മായ എല്ലാവരെയും മോശമാക്കി, ചവച്ചരച്ച് വിഴുങ്ങിയിരിക്കുകയാണ്. ബാബ വരുന്നതുതന്നെ മായയാകുന്ന പെരുമ്പാമ്പിന്റെ വയറ്റിൽ നിന്നും നമ്മെ രക്ഷപ്പെടുത്താനാണ്. പക്ഷേ പുറത്തെടുക്കാൻ വളരെയധികം ബുദ്ധിമുട്ടാണ്. ആരാണോ ഗൃഹസ്ഥവ്യവഹാരത്തിൽ വസിക്കുന്നത് അവർക്ക് അത്ഭുതം കാണിക്കണം. നമ്മുടേത് രാജയോഗമാണെന്ന് മനസ്സിലാക്കികൊടുക്കണം. നമ്മൾ എന്തുകൊണ്ടാണ് ബ്രഹ്മാകുമാരീ–കുമാരന്മാരെന്നു പറയുന്നത്? ഈ ചോദ്യം മനസ്സിലാക്കണം, മനസ്സിലാക്കി കൊടുക്കണം. വാസ്തവത്തിൽ നിങ്ങളും ബി.കെയാണ്. പ്രജാപിതാവായ ബ്രഹ്മാവ് പുതിയ സൃഷ്ടി രചിക്കുന്നു. പുതിയ മനുഷ്യനിലൂടെ പുതിയ സൃഷ്ടി രചിക്കുന്നു. വാസ്തവത്തിൽ സത്യയുഗത്തിലുള്ള പുതിയ കുട്ടിയെത്തന്നെയാണ് പുതിയത് എന്ന് പറയുന്നത്. എത്ര സന്തോഷത്തിന്റെ കാര്യമാണ്. അവിടെയാണെങ്കിൽ സന്തോഷത്തിന്റെ പെരുമ്പറയാണ് മുഴങ്ങുന്നത്. അവിടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. ഇവിടെ ഇപ്പോൾ ബാബ ഇതിൽ പ്രവേശിച്ചിട്ടുണ്ട്. ഈ പുതിയ മനുഷ്യൻ ഒരിക്കലും പവിത്രമല്ല, പഴയതിലിരുന്നുകൊണ്ട് ഇതിനെ പുതിയതാക്കി മാറ്റുന്നു. പഴയ വസ്തുവിനെ പുതിയതാക്കിമാറ്റുന്നു. ഇപ്പോൾ പുതിയ മനുഷ്യൻ എന്ന് ആരെയാണ് പറയുന്നത്? എന്താ ഈ ബ്രഹ്മാവിനെ പറയുമോ? ഇതിൽ ബുദ്ധി പ്രവർത്തിക്കണം. അവർ ആദം ഹവ്വ ആരാണെന്നൊന്നും മനസ്സിലാക്കില്ല. പുതിയ മനുഷ്യൻ ശ്രീകൃഷ്ണനാണ്, അതുപോലെ പഴയ മനുഷ്യൻ ബ്രഹ്മാവും. പിന്നെ പഴയ മനുഷ്യനായ ബ്രഹ്മാവിനെ പുതിയതാക്കി മാറ്റുന്നു. പുതിയ ലോകത്തിന് പുതിയ മനുഷ്യൻ ആവശ്യമാണ്. അവർ എവിടെ നിന്നു വരാനാണ്? പുതിയ മനുഷ്യൻ സത്യയുഗത്തിലെ രാജകുമാരനാണ്. അവരെയാണ് സതോപ്രധാനമെന്നു പറയുന്നത്. ഇദ്ദേഹം കറുത്തതാണ്,(തമോപ്രധാനമാണ്) ഇത് പുതിയ മനുഷ്യനല്ല. അതേ ശ്രീകൃഷ്ണൻ 84 ജന്മങ്ങൾ എടുത്തെടുത്ത് ഇപ്പോൾ അന്തിമ ജന്മത്തിലാണ്. ഇദ്ദേഹത്തെത്തന്നെയാണ് ബാബ ദത്തെടുക്കുന്നത്. പഴയതിനെ പുതിയതാക്കി മാറ്റുന്നു. എത്ര ഗുഹ്യമായ കാര്യങ്ങളാണ് മനസ്സിലാക്കാനുള്ളത്. പുതിയതുതന്നെ പഴയതായിമാറും പഴയത് പുതിയതായും. ശ്യാമിൽ നിന്നും സുന്ദരവും സുന്ദരനിൽ നിന്നും ശ്യാമും. ആരാണോ പഴയതിലും പഴയത് അവരാണ് പുതിയതിലും പുതിയതായിത്തീരുന്നത്. നിങ്ങൾക്ക് അറിയാം നമ്മെ ബാബ പരിവർത്തനപ്പെടുത്തി പുതിയതാക്കി മാറ്റുന്നു. ഇതെല്ലാം വളരെ

നന്നായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. തന്റെ അവസ്ഥയും ഉണ്ടാക്കണം. കുമാരനും കുമാരിയും പവിത്രമാണ്. ബാക്കിയുള്ളവർ ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും കമലപുഷ്പസമാനമായിത്തീരണം, സ്വദർശനചക്രധാരിയായിത്തീരണം. വിഷ്ണുവംശത്തിൽ ഉള്ളവർക്ക് ത്രികാലദർശിയുടെ ജ്ഞാനമില്ല. പഴയ മനുഷ്യൻ ത്രികാലദർശിയാണ്. എത്ര ഗൂഢമായ കാര്യങ്ങളാണ്. പഴയ മനുഷ്യൻ തന്നെയാണ് ജ്ഞാനമെടുത്ത് പുതിയതായിത്തീരുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ഇത് രാജയോഗവും അത് ഹഠയോഗവുമാണ്. രാജയോഗം അർത്ഥം സ്വർഗ്ഗത്തിലെ ചക്രവർത്തി പദവി. സന്യാസിമാർ പറയുന്നു സുഖം കാകവിഷ്ടത്തിനു സമാനമാണെന്ന്. അതിനെ വെറുക്കുന്നു. ബാബ പറയുന്നു സ്ത്രീകൾ സ്വർഗ്ഗത്തിലേക്കുള്ള വാതിലാണെന്ന്. മാതാക്കളിൽ കലശം വെക്കുന്നു. ആദ്യമാദ്യം മനസ്സിലാക്കി കൊടുക്കൂ ശിവായ നമ:, ഭഗവാനുവാച. ശബ്ദം പുറത്തേക്കു വരണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ്. ഈ നിശ്ചയത്തിലൂടെ പവിത്രതയുടെ വ്രതത്തെ പാലന ചെയ്ത് പര്സപരം വളരെ സ്നഹത്തോടെ വസിക്കണം. എല്ലാവരെയും വളരെ സ്നേഹിയാക്കി മാറ്റണം.

2. വിശാലബുദ്ധിയായിമാറി ജ്ഞാനത്തിന്റെ ഗുഹ്യമായ രഹസ്യങ്ങളെ മനസ്സിലാക്കണം. വിചാരസാഗരമഥനം ചെയ്യണം. മായയുടെ യുദ്ധത്തിൽ നിന്നും രക്ഷപ്പെടണമെങ്കിൽ ദേഹിഅഭിമാനിയായിത്തീരാനുള്ള അഭ്യാസം ചെയ്യണം.

### വരദാനം:- ജ്ഞാനാമൃതവർഷത്തിലൂടെ മഹാനായി മാറുന്ന മർജീവയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളിൽ ബാബ ജ്ഞാനാമൃതത്തിന്റെ മഴ പെയ്യിച്ച് മരിച്ചതിൽ നിന്ന് മഹാനാക്കി മാറ്റി. കത്തിക്കൊണ്ടിരിക്കുന്ന ചിതയിൽ നിന്ന് പുറത്തെടുത്ത് മർജീവയാക്കി മാറ്റി. ജ്ഞാനാമൃതം കുടിപ്പിച്ച് അമരന്മാരാക്കിമാറ്റി. ആളുകൾ പറയുന്നു, ഭഗവാൻ മരിച്ചവരെപ്പോലും ജീവിപ്പിക്കുന്നു, പക്ഷെ എങ്ങനെയാണ് ചെയ്യുന്നത്, അതറിയില്ലായിരുന്നു. ഇപ്പോൾ സന്തോഷമുണ്ട് അതായത് ദേഹാഭിമാനം കാരണം മുമ്പ് മരിച്ച ശവത്തിന് സമാനമായിരുന്നു, ഇപ്പോൾ മരിച്ചതിൽ നിന്ന് മഹാനായി മാറി.

### സ്ലോഗൻ:- ധർമ്മത്തിൽ സ്ഥിതി ചെയ്തുകൊണ്ട് കർമ്മം ചെയ്യുന്നവർ തന്നെയാണ് ധർമ്മാത്മാവ്.